## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1414      15.6.2012-ൽ മറുപടിയ്ക്ക്

'വീട്ടിലൊരുമാവ്' പദ്ധതി

| *ചോദ്യം* | | *മറുപടി* | |
|---|---|---|---|
| | ശ്രീ. എം. ചന്ദ്രൻ | | **ശ്രീ . കെ.പി.മോഹനൻ** (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | 'വീട്ടിലൊരു മാവ്' പദ്ധതി പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട പഞ്ചായത്തുകളിൽ മാവിൻ തൈകൾ വിതരണം നടത്തിയിട്ടുണ്ടോ; | (എ) | 'വീട്ടിൽ ഒരു മാവ് ' പദ്ധതി കേരള സർക്കാരിന്റെ നിറവ് എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 102 പഞ്ചായത്തു കളിലാണ് നടപ്പിലാക്കിയത് കൂടാതെ പത്തനംതിട്ട ജില്ലയിലെ 5 പഞ്ചായത്തുകളിലും മലപ്പുറം ജില്ലയിലെ 9 പഞ്ചായത്തുകളിലും എറണാകുളം ജില്ലയിലെ 3 പഞ്ചായത്തുകളിലും മാവിൻ തൈ വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഓരോ പഞ്ചായത്തിലും 2007 മാവിൻ തൈകളാണ് വിതരണം ചെയ്തത്. |
| (ബി) | എങ്കിൽ ഏതു ഏജൻസി വഴിയാണ് മാവിൻ തൈകൾ വിതരണം ചെയ്തതെന്ന് വ്യക്തമാക്കാമോ; | (ബി) | . കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (KAICO) എന്ന ഏജൻസി വഴിയാണ് മാവിൻ തൈകൾ വിതരണം ചെയ്തത്. |
| (സി) | പാലക്കാട് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് മാവിൻ തൈ വിതരണം ചെയ്തിട്ടുള്ളത് എന്നും എത്ര മാവിൻ തൈകളാണ് വിതരണം ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ? | (സി) | പാലക്കാട് ജില്ലയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടില്ല. |

Sobhana

**സെക്ഷൻ ഓഫീസർ**